ആക്ടിന്റെ ആവശ്യങ്ങൾക്കായി കടമായി വാങ്ങാവുന്ന ഏതൊരു തുകയും തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണനിർവ്വഹണവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യുന്ന തുക. (2) 7-ാം വകുപ്പ് പ്രകാരമുള്ള മോട്ടോർ വാഹന സെസ്സ്, പെട്രോളിന്മേലുള്ള സെസ്സ് എന്നിവ. (3) ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകൾ. (4) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുക എന്നിവയാണ്.

ഇപ്രകാരം കിഫ്ബി സ്വരൂപിക്കുന്ന ഫണ്ടിൽ മേൽപ്പറഞ്ഞ 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് ഭേദഗതി ചെയ്ത കിഫ് ആക്ട് 2016-ലെ 9-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ധനവിപണിയിൽനിന്നും വൻതോതിൽ ഫണ്ട് സമാഹരിക്കുന്നതിന് നിക്ഷേപ വിശ്വാസം ആർജ്ജിക്കുന്നതിലൂടെ ഫണ്ട് ലഭ്യതയും മിതമായ നിരക്കും സാധ്യമാകും. ഈ ആവശ്യത്തിലേക്ക് സർക്കാർ ഗ്യാരന്റി വളരെ പ്രയോജനപ്രദമാണ്. ലാഭകരമല്ലാത്ത എന്നാൽ വളരെയേറെ സാമൂഹിക പ്രസക്തിയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇതിനായി കടമെടുക്കുന്ന തുകയും പലിശയും തിരിച്ചടയ്ക്കേണ്ടതിനും, ബോർഡിന്റെ പ്രവർത്തന ചെലവ് മുതലായവയ്ക്കും ബഡ്ജറ്റിലൂടെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കാലാകാലങ്ങളിൽ തുക ലഭ്യമാക്കേണ്ടതുണ്ട്.

(സി) കിഫ്ബി വഴി എന്തെല്ലാം പ്രവൃത്തികൾ/പദ്ധതികൾ നടപ്പിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

## ധനകാര്യ ബജറ്റ് വിംഗിലെ സ്ഥലപരിമിതി

18 (6628) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റ് വിംഗിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്ത് വരുന്നുണ്ട് എന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള നിയമപ്രകാരം എത്ര സ്ക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കേണ്ടത് ;

(സി) ധനകാര്യ-ബജറ്റ് വിംഗ് എത്ര സ്ക്വയർ ഫീറ്റ് സ്ഥലത്താണ് പ്രവർത്തിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സെക്രട്ടേറിയറ്റ് അനക്സ്-2 പ്രവർത്തന സജ്ജമായ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന് എത്ര സ്ക്വയർ ഫീറ്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്;

(ഇ) ധനകാര്യ വകുപ്പിന് സ്ഥലം അനുവദിക്കുന്നതിന് നിലവിൽ എന്താണ് തടസ്സമുള്ളത്; ഈ തടസ്സം നീക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എഫ്) സ്ഥലം അനുവദിക്കുന്ന കാര്യത്തിൽ എന്തെങ്കിലും സമയബന്ധിതമായ ഉറപ്പ് ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഇവ എന്തെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സെക്രട്ടറി | - | 1 |
| | ജോയിന്റ് സെക്രട്ടറി | - | 2 |
| | ഡെപ്യൂട്ടി സെക്രട്ടറി | - | 2 |
| | അണ്ടർ സെക്രട്ടറി | - | 3 |
| | അക്കൗണ്ട്സ് ഓഫീസർ | - | 2 |
| | സെക്ഷൻ ഓഫീസർ | - | 8 |
| | അസിസ്റ്റന്റ് | - | 30 |
| | കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 7 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| | ഓഫീസ് അറ്റന്റന്റ് | - | 6 |

(ബി) പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 4880 സ്ക്വയർ ഫീറ്റും കൂടാതെ Building Standard പ്രകാരം ഒരു ജീവനക്കാരന് റിക്കാർഡ്സ് സൂക്ഷിക്കുന്നതിന് 10 സ്ക്വയർ ഫീറ്റ് എന്ന കണക്കിൽ 650 സ്ക്വയർ ഫീറ്റും ചേർത്ത് ആകെ 5530 സ്ക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കേണ്ടത്.

(സി) 1694 സ്ക്വയർ ഫീറ്റ്.

(ഡി) സെക്രട്ടേറിയറ്റ് അനക്സ്-2-ൽ ധനകാര്യ വകുപ്പിന് സ്ഥലം അനുവദിച്ചിട്ടില്ല.

(ഇ) സെക്രട്ടേറിയറ്റ് അനക്സ്-2-ലെ സ്ഥലം മുഴുവൻ അനുവദിച്ച് കഴിഞ്ഞതിനാൽ ഇപ്പോൾ സ്ഥലം ലഭ്യമല്ല.

(എഫ്) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly